**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2529** | **06-10-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിലെ മാട്ടിൻമുകൾ - അടക്കോട് റോഡിന് പ്രത്യേക അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര എം. എൽ. എ.-യുടെ 2021-22-ലെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയതും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ പോയതുമായ മാട്ടിൻമുകൾ - അടക്കോട് റോഡ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടി ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി നൽകിയ കത്തിന്മേലുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി പ്രത്യേക അനുമതി നൽകുന്നത് പരിഗണിക്കുമോ? | (എ) | **ചേലക്കര നിയോജകമണ്ഡലം ബഹു. എം. എൽ. എ ശ്രീ.യു.ആർ.പ്രദീപ് അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയതും, നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതെ പോയതുമായ മാട്ടിൻമുകൾ - അടക്കോട് റോഡ് നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ധനകാര്യ (നോഡൽ-സി) വകുപ്പിൽ നിന്നും 26.09.2025 ലെ സ.ഉ.(സാധാ)നം.7829/2025/ധന. ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ - മാതൃഭാഷ"**

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

ധനകാര്യവകുപ്പ് - ആസ്തിവികസന പദ്ധതി - 2020-21 - ചേലക്കര നിയോജകമണ്ഡലം - പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 17 മാട്ടിൻമുകൾ അടക്കോട് റോഡ് സോളിങ്ങ് -മെറ്റലിങ്ങ് - ടാറിങ്ങ് എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ)നം.7829/2025/ധന** **തിരുവനന്തപുരം,തീയതി: 26-09-2025**

---

പരാമർശം : 1 . 04/08/2018 ലെ സ.ഉ.(അ) നം. 119/2018/ധന. ഉത്തരവ്.

2. 09.09.2021 ലെ സ.ഉ. (അ)നം.124/2021/ധന. ഉത്തരവ്.

3 .ബഹു.ചേലക്കര നിയോജക മണ്ഡലം എം.എൽ.എ ശ്രീ.യു.ആർ.പ്രദീപ് അവർകൾ ബഹു.ധനകാര്യ മന്ത്രിയ്ക്ക് നൽകിയ 02/08/2025 ലെ കത്ത്

**<u>ഉത്തരവ്</u>**

2020-21 സാമ്പത്തിക വർഷത്തെ ചേലക്കര നിയോജക മണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ വിനിയോഗിച്ച് പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 17 മാട്ടിൻമുകൾ അടക്കോട് റോഡ് സോളിങ്ങ് -മെറ്റലിങ്ങ് - ടാറിങ്ങ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിരുന്നുവെന്നും പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തുവെങ്കിലും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ടിയാനെ ടെർമിനേറ്റ് ചെയ്തുവെന്നും മാട്ടിൻമുകൾ അടക്കോട് റോഡിന്റെ അവസ്ഥ വളരെ പരിതാപകരമായതിനാൽ റോഡ് പണി വളരെ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതുണ്ടെന്നും, ആയതിനാൽ 2020-2021 സാമ്പത്തിക വർഷത്തെ ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരമുള്ള പഴയന്നൂർ ഗ്രാമപഞ്ചാത്ത് മാട്ടിൻമുകൾ അടക്കോട് റോഡ് പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും ബഹു. ചേലക്കര നിയോജക മണ്ഡലം എം.എൽ.എ ശ്രീ.യു.ആർ.പ്രദീപ് അവർകൾ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിയുടെ ഭരണാനുമതി സാധുത കഴിഞ്ഞിട്ടുള്ളതിനാൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 സാമ്പത്തിക വർഷത്തെ ചേലക്കര നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 40,00,000/- രൂപ (നാൽപത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് പഴയന്നൂർ ഗ്രാമ പഞ്ചാത്തിലെ വാർഡ് 17 മാട്ടിൻമുകൾ അടക്കോട് റോഡ് സോളിങ്ങ് -മെറ്റലിങ്ങ് - ടാറിങ്ങ് എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പരാമർശം (2) ഉത്തരവിലെ

വ്യവസ്ഥകളിൽ ഇളവു വരുത്തി പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ നിബന്ധനകൾ പൂർണ്ണമായും പാലിക്കണമെന്ന വ്യവസ്ഥയോടെ, പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകുമാർ എ.എൽ**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
3. ശ്രീ. യു.ആർ പ്രദീപ്, ബഹു.എം.എൽ.എ ചേലക്കര നിയോജകമണ്ഡലം,തെക്കേ പുരക്കൽ ഹൗസ്, പല്ലൂർ പി.ഒ, ദേശമംഗലം, തൃശ്ശൂർ-679532
4. ജില്ലാ കളക്ടർ, തൃശ്ശൂർ
5. ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (നം.3240868))

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ